A | शिक्षा का अधिकार | 605

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# വാർഷിക മൂല്യനിർണയം 2016–17

ക്ലാസ്സ് : 6 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

## *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

പ്രവർത്തനം : 1

- **ലോകത്തിൽ വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത ഭരണക്രമങ്ങളാണ് നിലനിൽക്കുന്നത്. ഓരോന്നിനും അതിന്റേതായ സവിശേഷതകളുമുണ്ട്.**

എ) വിവിധ ഭരണക്രമങ്ങളെക്കുറിച്ചുള്ള ചില പ്രസ്താവനകൾ താഴെ തന്നിരിക്കുന്നു. ഇവ പരിശോധിച്ച് ജനാധിപത്യഗവൺമെന്റുമായി ബന്ധപ്പെട്ടവ മാത്രം എടുത്തെഴുതുക.

i) കൃത്യമായ കാലപരിധിയിൽ തിരഞ്ഞെടുപ്പു നടത്തുന്നു.

ii) വ്യക്തി സ്വാതന്ത്ര്യം നിലനിർത്തുന്നു.

iii) രാജാവിന്റെ/പട്ടാളമേധാവിയുടെ ഭരണം

iv) ജനാഭിപ്രായം മാനിക്കുന്നു.

v) ഭരണാധികാരി നിയമത്തിന് അതീതനാണ്.

vi) തലമുറകളായി കൈമാറുന്ന ഭരണക്രമം.

ബി) നമ്മുടെ രാജ്യത്തു നിലനിൽക്കുന്ന ഭരണക്രമം ഏതാണ്?

സി) കേരളത്തിൽ നിന്നും ധാരാളംപേർ ജോലിതേടിപ്പോകുന്ന സൗദി അറേബ്യയിൽ ഏതു ഭരണക്രമമാണ് നിലനിൽക്കുന്നത്?

പ്രവർത്തനം : 2

**പ്രധാന മണ്ണിനങ്ങൾ**




| | |
|---|---|
| എക്കൽമണ്ണ്<br>ലാറ്ററൈറ്റ് മണ്ണ്<br>വനമണ്ണ്<br>ചെമ്മണ്ണ് | ചെമ്മണ്ണ്<br>കറുത്തമണ്ണ്<br>ലാറ്ററൈറ്റ് മണ്ണ്<br>തീരദേശമണ്ണ് |

**ജലലഭ്യത**




| | |
|---|---|
| • വാർഷികമഴ 300 സെ.മീ<br>• 44 നദികൾ<br>• മഴ ലഭിക്കുന്നതിനാൽ പലയിടങ്ങളിലും ജലസേചന സൗകര്യങ്ങളുടെ ആവശ്യകതയില്ല | • വാർഷികമഴ 95.9 സെ.മീ<br>• 14 നദികൾ<br>• മഴ കുറവായതിനാൽ ജലസേചന സൗകര്യം വ്യാപകമായി ഏർപ്പെടുത്തേണ്ടതുണ്ട്. |

- ചട്ടികപരിശോധിച്ചും സ്വയം നേടിയ പഠനാനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ താഴെ തന്നി രിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

എ) ഏതു സംസ്ഥാനത്തിലാണ് ജലലഭ്യത കൂടുതൽ?

ബി) കേരളത്തിൽ കാർഷിക വൈവിധ്യം കൂടുതലാണ്. ഇതിനുകാരണമായ ഭൂമിശാസ്ത്ര സവിശേഷ തകൾ എന്തെല്ലാം?

സി) അനുകൂലമായ ഭൂമിശാസ്ത്രഘടകങ്ങൾ ഏറെയുണ്ടായിട്ടും കാർഷിക ഉൽപ്പാദനത്തിൽ കേരളം പിന്നോട്ടുപോകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

പ്രവർത്തനം : 3

- ഹൊ! എന്തൊരു വേഗം
  ഒരു വിമാനത്തിന്റെ വേഗത എത്രയാണെന്നറിയാമോ ?
  മണിക്കൂറിൽ ഏകദേശം 560 കിലോമീറ്റർ. മണിക്കൂറിൽ ശരാശരി 96000 കിലോമീറ്റർ വേഗത യിലാണ് ഭൂമി സൂര്യനെ ചുറ്റുന്നത്.

എ) • ഭൂമിക്ക് ഏതെല്ലാം തരത്തിലുള്ള ചലനങ്ങൾ ഉണ്ട്?

ബി) • ഓരോ ചലനവും നമുക്ക് ഏതെല്ലാം വിധത്തിൽ അനുഭവപ്പെടുന്നു?

സി) • ഭൂമിക്ക് സൂര്യനെ ഒരു പ്രാവശ്യം വലം വയ്ക്കാൻ എത്ര ദിവസം വേണം?

പ്രവർത്തനം : 4

- കേരളത്തിൽ വിവിധ ഗോത്രവിഭാഗങ്ങൾ താമസിക്കുന്നുണ്ട്. നമ്മുടെ ദേശത്തെ ആദ്യകാല സമൂഹങ്ങളുടെ പിൻമുറക്കാരാണിവർ. ഇവർ തനതായ സാംസ്കാരിക സവിശേഷതകൾ പുലർത്തുന്നു.

എ) ഗോത്രസമൂഹങ്ങൾ ഒരുമിച്ച് താമസിക്കുന്ന സ്ഥലത്തിനു പറയുന്ന പേരെന്ത്?

ബി) കേരളത്തിൽ താമസിക്കുന്ന ഗോത്രവിഭാഗങ്ങളുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്?

സി) ഗോത്രസമൂഹങ്ങളുടെ ഭരണത്തിനു നേതൃത്വം നൽകുന്നത് മൂപ്പനാണ്. എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുക്കാനാണ് മൂപ്പനും മുതിർന്നസമിതിക്കും അധികാരമുള്ളത്?

പ്രവർത്തനം : 5

- മധ്യകാല ഇന്ത്യയിലെ സുഗന്ധവ്യഞ്ജനങ്ങൾ, തുണിത്തരങ്ങൾ, തുകൽ, രത്നങ്ങൾ, ചന്ദനം, ലോഹങ്ങൾ, ആനക്കൊമ്പ് മുതലായവ പുറം നാടുകളിൽ പ്രചാരമുള്ള വിഭവങ്ങളായിരുന്നു. ഈ വിഭവങ്ങളാണ് വ്യാപാരികളെ ഇന്ത്യയിലേക്കാകർഷിച്ചത്.

എ) മധ്യകാല ഇന്ത്യയുമായി വ്യാപാരം നടത്തിയ പുറംനാട്ടുകാർ ആരെല്ലാമായിരുന്നു?

ബി) മധ്യകാല ഇന്ത്യയിലെ നഗരങ്ങൾ വളർന്നുവന്നത് തുറമുഖങ്ങൾ കേന്ദ്രീകരിച്ചാകാനുള്ള കാരണങ്ങൾ വിശദീകരിക്കുക.

പ്രവർത്തനം : 6

- നമുക്ക് എല്ലാവരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങൾ ഉണ്ട്. എന്നാൽ ഒരാളുടെപോലും അത്യാഗ്രഹത്തെ നിറവേറ്റാനില്ലാതാനും.

  -ഗാന്ധിജി-

എ) സുസ്ഥിര വികസനം എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് നിങ്ങൾക്ക് ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിയും?

- കേരളത്തിൽ മഴ വളരെക്കുറച്ചു ലഭ്യമായ വർഷമായിരുന്നു കടന്നുപോയത്. നാം കഠിനമായ ജലക്ഷാമത്തേയും വൈദ്യുതിക്ഷാമത്തേയും നേരിടാൻ പോകുകയാണ്. ഈ പ്രശ്നത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിന് നാം ഇപ്പോൾ തന്നെ ഇടപെട്ടേ മതിയാകൂ.

ബി) ജലസംരക്ഷണത്തിന് സഹായകമായ ഏതെല്ലാം മാർഗങ്ങൾ നിങ്ങളുടെ ജീവിതത്തിൽ സ്വീകരി ക്കാൻ കഴിയും? രണ്ടു നിർദേശങ്ങൾ എഴുതുക?